61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

Item Code: 643 Participant Code: 112

# ആവിഷ്കാരസ്വാതന്ത്ര്യം സാമൂഹികജീവിതത്തിൽ

ആധുനിക തലമുറ വ്യത്യസ്തമായ അനവധി ഘട്ടങ്ങളിലൂടെയും പ്രശ്നങ്ങളിലൂടെയുമാണ് കടന്ന്പൊയ്ക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട്തന്നെ പല തരത്തിലുള്ള അഭിപ്രായങ്ങൾ മുന്നോട്ടുകൊണ്ടുവരുന്നതിനും നവ ആവിഷ്കാരങ്ങളെ മുന്നോട്ട് കൊണ്ടുവരാനും ഓരോ വ്യക്തിയും ശ്രമിക്കുന്നു. സമൂഹത്തിലെ മറ്റ് ജീവചാലങ്ങളിൽനിന്നും അനേകം കാരണങ്ങളാൽ വ്യത്യസ്തമാണ് മനുഷ്യവംശം. മനുഷ്യനെ സംബന്ധിച്ച് അവന്റെ ആവാസവ്യവസ്ഥ പല ഘടകങ്ങളാൽ വ്യത്യാസപ്പെട്ടിരിക്കുന്നു. സാമൂഹികജീവിതത്തിൽ ഉൾപ്പെടുന്നവയാണ് മാധ്യമങ്ങൾ, രാഷ്ട്രീയം, വിദ്യാഭ്യാസമേഖല അങ്ങനെതുടങ്ങിയവ. ഇവയിലൊക്കെയും ആവിഷ്കാരസ്വാതന്ത്ര്യത്തിന് എത്രമാത്രം പ്രസക്തിയുണ്ട് എന്നത് ഇന്ന്

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)

ചർച്ച ചെയ്യപ്പെടേണ്ട ഒരു വിഷയം തന്നെയാണ്.

സമകാലിക ജീവിതത്തിൽ പല മേഖലയിലും ആവിഷ്കാരം സൃഷ്ടിക്കാൻ ഒരു വ്യക്തിക്ക് സ്വാതന്ത്ര്യമുണ്ട്. നാം ഓരോരുത്തരും ജീവിക്കുന്നത് ജനാധിപത്യ രാഷ്ട്രത്തിലാണ്. ജനാധിപത്യം എന്നാൽ ജനങ്ങളുടെ ആവശ്യം നിറവേറ്റാനും അവരെ പരിഗണിക്കുന്നതുമായ ഒരു നിയമവ്യവസ്ഥ എന്നാണ്. അങ്ങനെ വിലയിരുത്തുമ്പോൾ ജനാധിപത്യ നേതാക്കൾ മുന്നോട്ടുവയ്ക്കുന്ന ആശയങ്ങളെ ചോദ്യം ചെയ്യാനും അതിൽ ആവിഷ്കാരം സൃഷ്ടിക്കാനും ഓരോ പൗരനും അധികാരവും അവകാശവുമുണ്ട്. പല അവസരങ്ങളിലായി നിഷേധിക്കപ്പെടുന്നതും മറ്റു പല അവസരങ്ങളിൽ തന്റെ ആശയത്തെ സമർത്ഥിക്കാൻ കഴിയാതെ വരുന്നതും ദൃശ്യമാണ്.

സമകാലിക വിഷയങ്ങൾ പരിശോധിച്ചാൽ ഏറ്റവും മുന്നിൽ നിൽക്കുന്ന ഒന്നാണ് വിദ്യാർത്ഥി സമൂഹം നേരിടുന്ന വെല്ലുവിളിയായ ലഹരി വസ്തുക്കളുടെ ഉപയോഗം. അഞ്ഞൂറിൽപ്പരം വിദ്യാർത്ഥികളാണ് ഇന്ന് ലഹരിക്ക് അടിമപ്പെട്ടു

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

Item Code: 643 Participant Code: 112

കൊണ്ടിരിക്കുന്നത്. അത് ആ കുട്ടിയുടെ ജീവിതത്തിലും സമൂഹത്തിലും പ്രതിസന്ധികൾ സൃഷ്ടിക്കുന്നു എന്നത് എല്ലാവർക്കും അറിയുന്ന വസ്തുതയാണ്. എന്നാൽ അതിനെതിരെയെടുക്കുന്ന മുൻകരുതലുകളും നടപടികളും ഉൾക്കാഴ്ചപരമായി മുന്നോട്ട്പോകുന്നില്ല. ലഹരിവസ്തുക്കളുടെ വിൽപന വിദ്യാലയങ്ങളിൽനിന്ന് നിശ്ചയിച്ചിരിക്കുന്ന നിലവിലെ ദൂരത്തിൽനിന്നും കുറേക്കൂടി മാറ്റിയാൽ ലഹരി ഉപയോഗിക്കാനുള്ള കുട്ടിയുടെ തോന്നലിനെ തടയാൻ സാധിച്ചേക്കാം. എന്നാൽ ഈ വിധ അഭിപ്രായങ്ങൾ സമർപ്പിച്ചാലും ആവിഷ്കരിക്കാൻ ജനങ്ങൾ മാത്രം വിചാരിച്ചാൽ നടക്കില്ല. അതിന് ഉന്നത ഉദ്യോഗസ്ഥരും രാഷ്ട്രീയവും ഒരുപോലെ കൂടെപിടണം. എന്നാൽ മാത്രമേ നേർവഴിയിൽ കുട്ടിയെ കൊണ്ട് വരിക എന്ന ആവിഷ്കാരപദ്ധതി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.

മാധ്യമം എന്നതിൽ ഉൾപ്പെടുന്നവയാണ് വാർത്ത, റേഡിയോ, പത്രം, മൊബൈൽ ഫോൺ തുടങ്ങിയവ. പത്രത്തെ പറ്റി പരിശോധിച്ചാൽ പത്രത്തിന് ഒരു

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)

ധർമ്മം ഉണ്ട്. ആ ധർമ്മത്തിനെതിരായി പത്രങ്ങൾ പ്രവർത്തിക്കാൻ പാടില്ല. വിമർശിക്കാനുള്ള സ്വാതന്ത്ര്യം പത്രങ്ങൾക്കുണ്ട്. എന്നാൽ ഇന്ന് പല പത്രങ്ങളും സ്വന്തം പാർട്ടിയുടെ തെറ്റിനെ ചൂണ്ടിക്കാണിക്കുന്നില്ല. ഇത് തെറ്റായ ഒരു പ്രവണതയാണ്. സ്വന്തം പാർട്ടിയുടെ തെറ്റിനെ മറച്ച് വച്ച്കൊണ്ട് എതിർപാർട്ടിയുടെ തെറ്റിനെ വലുതാക്കി കാണിക്കാനാണ് ഇന്ന് പത്രങ്ങളും വാർത്താമാധ്യമങ്ങളും ശ്രമിക്കുന്നത്. ഇതിനെ ചോദ്യം ചെയ്യാനോ ആവിഷ്കാരങ്ങൾ മുന്നോട്ട് കൊണ്ട് വരാനോ ആരും ശ്രമിക്കുന്നില്ല. അതിനുള്ള സ്വാതന്ത്ര്യം നമുക്ക് ഉണ്ടെങ്കിൽ പോലും ഒരാൾ ഒറ്റയ്ക്ക് ശ്രമിച്ചാൽ നടക്കാവുന്ന വസ്തുത അല്ല, അത് എന്നത് മനസിലാക്കേണ്ടത് അനിവാര്യമാണ്.

ഇപ്പോൾ നടന്നുകൊണ്ടിരുന്ന വിഴിഞ്ഞം പ്രശ്നം പരിശോധിച്ചാൽ സാധാരണക്കാരനെ ദുരിതത്തിലാഴ്ത്തിക്കൊണ്ടാണ് സ്വന്തം ഇഷ്ടത്തിനു വേണ്ടി എതിർപക്ഷം പ്രവർത്തിച്ചത്. അവിടെ സാധാരണക്കാരൻ ആവിഷ്കാരം

വരുത്താൻ ശ്രമിച്ചെങ്കിൽ പോലും അവരെയോ
അവരുടെ ബുദ്ധിമുട്ടുകളെയോ ആരും തന്നെ
പരിഗണിക്കുന്നില്ല എന്നത് വിഷാദാത്മകമായ
കാര്യമാണ്. കേരളത്തിൽ ഒരു സമയം വിവാദ
മായ കേസായിരുന്നു മധുവിന്റെ മരണം.
ആദിവാസി യുവാവായ അയാൾ ഒരു നേരത്തെ
ഭക്ഷണത്തിനുവേണ്ടി ആഹാരം മോഷ്ടിച്ചു എന്ന
"കുറ്റത്തിന്". അല്ല ശരിക്കും അത് ഒരു കുറ്റകൃത്യം
ആയിരുന്നോ ? ഒരു ജീവനെടുക്കാനും മാത്രം
അത് അത്ര വല്യ തെറ്റായിരുന്നോ ? സൗമ്യ
എന്ന പെൺകുട്ടിയെ ട്രെയിനിൽ വച്ച് ബലാത്സം
ഗം ചെയ്ത് കൊന്ന ഗോവിന്ദച്ചാമിക്ക് കിട്ടിയ
ശിക്ഷ മൂന്നുനേരവും വയറുനിറയെയുള്ള ആഹാ
രം. എന്താണ് ഇന്ന് ഈ സമൂഹത്തിൽ
നടക്കുന്നത്? ചെറിയ തെറ്റിന് ജീവൻ എടുക്കു
കയും വലിയ തെറ്റിന് വയറുനിറയെ ആഹാരവും.
മധു എന്ന ചെറുപ്പക്കാരനുവേണ്ടി സംസാരിക്കാൻ
ഇവിടെ ആരും ഉണ്ടായിരുന്നില്ല. വിശന്നപ്പോൾ
ഭക്ഷണമാണ് മോഷ്ടിച്ചത്. ആരെയും കൊല്ലു
കയോ പൊന്നും പണവും മോഷ്ടിക്കുകയോ

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

Item Code: 643 Participant Code: 112

ചെയ്തില്ല. ഇവിടെ മധുവിന് വേണ്ടി ജനങ്ങൾ സംസാരിച്ചിട്ടും കോടതിയോ സർക്കാരോ അതിന് എന്താണ് ചെയ്തത്? ഈ ഭരണവ്യവസ്ഥയും ജ്യുഡീഷറിയും മാറ്റേണ്ടത് അനിവാര്യമാണ്. സാധാരണക്കാരന്റെ ആവശ്യങ്ങളും ക്ഷേമവും നിറവേറ്റുന്ന് സർക്കാർ. എന്നാൽ ആ സർക്കാർ ചെയ്യുന്നതോ? ഈ ഭരണവ്യവസ്ഥയിൽ മാറ്റം കൊണ്ട്‌വരാൻ നമുക്ക് സാധിച്ചിട്ടില്ല.

ഒടുവിൽ ആവിഷ്കാരസ്വാതന്ത്ര്യം ജനങ്ങൾക്ക് ഇല്ല, എന്ത് തന്നെ പറയാൻ സാധിക്കും. മനുഷ്യന് സ്വന്തമായി ആവിഷ്കാരങ്ങൾ സ്വന്തം ജീവിതത്തിൽ വരുത്താനാകും. എന്നാൽ സമൂഹത്തിൽ ഇറങ്ങിച്ചെല്ലുമ്പോൾ അത് പൂർണമായും ആവിഷ്കരിക്കാൻ സാധിക്കുന്നില്ല എന്നതാണ് വാസ്തവം. വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഇന്ന് മാതൃഭാഷയുടെ പ്രാധാന്യ കുറഞ്ഞുവരുന്നതായിക്കാണാം. ഏവരും ഇംഗ്ലീഷ് ഭാഷയാണ് കൂടുതൽ ഉപയോഗിക്കുന്നത്. ഇന്ന് മക്കളെ അമ്മമാർ ഇംഗ്ലീഷ് പഠിപ്പിച്ചാണ്

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)

Item Code: 643 Participant Code: 112

ഇന്ന് വളർത്തുന്നത്. അതിന്റെ ഹേതു
ഇന്ന് കേരളത്തിൽ നിലനിൽക്കുന്ന വിദ്യാഭ്യാസ
സമ്പ്രദായമാണ്. ഇംഗ്ലീഷ് ഭാഷയ്ക്ക് ഊന്നൽ
നൽകിയാണ് ഇന്നത്തെ വിദ്യാഭ്യാസം. ഓരോ
സംസ്ഥാനവും സ്വന്തം ഭാഷയ്ക്ക് നൽകുന്ന
പ്രാധാന്യം കേരളീയർ മലയാളഭാഷയ്ക്കു നൽകു
ന്നില്ല എന്നത് വിഷാദാത്മകമായ വസ്തുതയാണ്.
പ്ലസ് വൺ കാലഘട്ടത്തിൽ ഇംഗ്ലീഷ് ഭാഷ
എല്ലാവരും തിരഞ്ഞെടുക്കുന്നു എന്നാൽ
മലയാളം വരുമ്പോൾ അവിടെ ഹിന്ദിയാണ്
കൂടുതൽപേരും തിരഞ്ഞെടുക്കുന്നത്. അതു
പോലെതന്നെ ഇന്ന് പരസ്പര ആശയവി
നിമയത്തിലും അധികമായ ഇംഗ്ലീഷ് ഭാഷയുടെ
കടന്നുവരവ് വീക്ഷിക്കാനാകും. ഇത് ലജ്ജയുള
വാക്കുന്ന കാര്യമാണ്. മലയാളഭാഷയ്ക്ക് കുറച്ചു
കൂടി പ്രാധാന്യം നൽകിക്കൊണ്ടുള്ള പഠനരീതി
യാണ് നല്ലത്. ഈ കാര്യത്തിലും ആവിഷ്കാരം
കൊണ്ടുവരാൻ സാധിച്ചിട്ടില്ല.

ചുരുക്കിപ്പറഞ്ഞാൽ സാമൂഹിക
ജീവിതത്തിൽ ഒരു വ്യക്തിക്ക് ആവിഷ്കാരത്തെ

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

സ്വാതന്ത്ര്യം ഉണ്ട് എങ്കിൽ പോലും അതിന്
ഒത്തൊരുമ ഒരു പ്രധാന ഘടകമാണ്. ഒരുമി
ച്ചുനിന്നാൽ മാത്രമേ സാമൂഹിക ജീവിതത്തിൽ
ആവിഷ്കാരം കൊണ്ടുവരാൻ സാധിക്കുകയുള്ളൂ.
എല്ലാവരും ഒരുപോലെ ചിന്തിച്ച് കൈകോർക്കു
കയാണെങ്കിൽ പല ആവിഷ്കാരങ്ങൾ കൊണ്ടു
വരാൻ നമുക്ക് സാധിക്കും അതോടൊപ്പം
രാഷ്ട്രത്തെ പുരോഗതിയുടെ വാതിൽപ്പടിക്കൽ
എത്തിക്കാനും. ലഹരിവസ്തുക്കളുടെ വിഷയത്തിൽ
തന്നെ ഒരു ആവിഷ്കാരം വന്നാൽ അത്
കുട്ടികളിലെ കഴിവിൽ മാറ്റം വരുത്തുകയും ചിന്താ
ശേഷിയിൽ മാറ്റം വരുത്തുകയും സന്തോഷ
ത്തോടെ ജീവിതത്തിലെ ഞാൻ നുകരുന്ന
പുതുതലമുറയെ വീക്ഷിക്കാനും നമുക്ക് സാധിക്കും.
നാം ഇവിടെ ജീവിച്ചിരുന്നു എന്ന് അറി
യിക്കുന്നതിലുപരി നമ്മുടെ പ്രവർത്തനങ്ങ
ളുടെ ഫലം സന്തോഷമായി എത്രപേർ
അനുഭവിക്കുന്നു എന്നകാര്യത്തിൽ നമുക്ക്
അഭിമാനിക്കാം. "ഒന്നിച്ചു നിൽക്കൂ, മാറ്റങ്ങൾ
സൃഷ്ടിക്കൂ."